I.ഇ.ബി.XIII –കേരള നിയമസഭ/X—16

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ഫെബ്രുവരി 05, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

**തീരദേശ പരിപാലന നിയമത്തിലെ അപാകതകൾ**

മി. സ്പീക്കര്: തീരദേശ പരിപാലന നിയമം (CRZ) അപാകതകൾ പരിഹരിക്കാതെ നിർബന്ധപൂർവ്വം നടപ്പിലാക്കുന്നതുമൂലം തീരദേശ നിവാസികളും മത്സ്യത്തൊഴിലാളികളും ആശങ്കാകുലരായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എസ്. ശർമ്മ, വി. എസ്. സുനിൽ കുമാര്, ജോസ് തെറ്റയില്, കോവൂർ കുഞ്ഞുമോന്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന വിഷയമായതിനാൽ അതിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ട് സമഗ്രമായ ഒരു കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഫണ്ട് അനുവദിച്ചിട്ടുപോലും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷത്തിന് പരിഹാരം കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പരിസ്ഥിതി സംരക്ഷണത്തിന് പ്രത്യേക പരിഗണന കൊടുത്തും യാഥാർത്ഥ്യബോധമുൾക്കൊണ്ടും ചർച്ചകൾക്ക് വിധേയമാക്കിക്കൊണ്ടും കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ കൊണ്ടുവന്ന് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ: 1991- ൽ CRZ നിയമം വന്നതിനുശേഷം കേന്ദ്രസർക്കാർ ഇരുപത്തിയഞ്ച് ഭേദഗതികൾ കൊണ്ടുവന്നുവെങ്കിലും പ്രസ്തുത നിയമം പരിശോധിക്കുന്നതിനായി നിയോഗിച്ച ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വന്ന CMZ (കോസ്റ്റൽ മാനേജ്മെന്റ് സോൺ) നിയമത്തിലും അപാകതകളുള്ളതിനാൽ 2009-ൽ ഈ നിയമം റദ്ദുചെയ്യുകയുണ്ടായി. 2011-ൽ CRZ നിയമം പുതുക്കിനിശ്ചയിച്ചെങ്കിലും പ്രസ്തുത നിയമത്തിലും കടലോരങ്ങളുടെ അവകാശികൾ മത്സ്യത്തൊഴിലാളികളാണെന്നുള്ള വസ്തുതയും ഇവരുടെ

പരമ്പരാഗതമായ അവകാശങ്ങള്, തൊഴിൽ സുരക്ഷ, കടലോരത്ത് കുടിൽ കെട്ടി താമസിക്കാനുള്ള അവകാശം എന്നിവയും അംഗീകരിക്കുന്നില്ല. CRZ നിയമംമൂലം തീരദേശ മത്സ്യത്തൊഴിലാളികൾ കടലോരങ്ങളിൽനിന്നും ആട്ടിയോടിക്കപ്പെടുകയും വൻകിട മൂലധനശക്തികൾ കടലോരം കയ്യടക്കിവരികയുമാണ് ചെയ്യുന്നത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ അവകാശത്തിന്മേലുള്ള കയ്യേറ്റമാണ് ഈ നിയമത്തിലൂടെ വന്നിരിക്കുന്നത്. തീരദേശ പരിപാലന നിയമത്തിലെ അപാകതകൾ പരിഹരിക്കാതെ നടപ്പാക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് തീരപ്രദേശത്ത് വീട് നിർമ്മിക്കാനോ, നിർമ്മിച്ചവയ്ക്ക് തന്നെ നമ്പർ ലഭ്യമാക്കാനോ വൈദ്യുതി, വെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾ ലഭിക്കുന്നതിനോ, സുനാമിപോലുള്ള കടൽക്ഷോഭങ്ങളിൽ തകർന്ന വീടുകൾ പുതുക്കിപ്പണിയാനോ ഉള്ള അവകാശം ഇല്ലാതായിരിക്കുന്നു. ആയതിനാൽ പൊതുവികാരം ഉൾക്കൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : CRZ-ലെ അപ്രായോഗിക കാര്യങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 2010 സെപ്റ്റംബർ 15-ലെ കരട് വിജ്ഞാപനത്തിന്മേൽ അഭിപ്രായം സമർപ്പിക്കാൻ സംസ്ഥാന സർക്കാരുകൾക്കും പൊതുജനങ്ങൾക്കും അവസരം നൽകിയിരുന്നുവെങ്കിലും അന്നത്തെ സർക്കാർ അതിലുള്ള

പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിരിന്നില്ല. 06-01-2011-നാണ് നിലവിലെ നോട്ടിഫിക്കേഷൻ വന്നിട്ടുള്ളത്.

ശ്രീ. എസ്. ശർമ്മ : 2010 ൽ ഇതിന്റെ കരട് വിജ്ഞാപനം വന്ന അവസരത്തിൽ കേരളത്തിലെ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തുകയും മന്ത്രിസഭയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് നോട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ പ്രത്യേകം ഇടപെടുന്നതിന് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയെ നേരിട്ട് കണ്ടിരുന്നു. കഴിഞ്ഞ ഏതാനും മാസങ്ങളായിട്ടാണ് ഇതിൽ കർശന നിയന്ത്രണങ്ങൾ വന്നിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായാണ് ഈ സ്ഥിതി വന്നു ചേർന്നിട്ടുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി : 2008-ലെ കോസ്റ്റൽ മാനേജ്മെന്റ് സോൺ നോട്ടിഫിക്കേഷനെതിരെ ചർച്ചകൾ നടത്തിയതു സംബന്ധിച്ചാണ് ശ്രീ. എസ്. ശർമ്മ പറയുന്നത്. 2010-ലെ കരട് വിജ്ഞാപനത്തിനെതിരെ അന്നത്തെ ഇടതുപക്ഷ സർക്കാർ ഒരു എതിരഭിപ്രായവും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടില്ല. അഭിപ്രായം അറിയിക്കാത്ത സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അന്ന് പ്രതിപക്ഷ നേതാവായിരുന്ന ഞാൻ കരട് വിജ്ഞാപനത്തിന്മേൽ ഒബ്ജക്ഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ കായൽ ദ്വീപുകളിൽ 50 മീറ്ററിനുള്ളിലും

കടൽത്തീരത്ത് 100-200 മീറ്ററിനിടയ്ക്കും നിർമ്മാണ പ്രവർത്തനം പാടില്ലെന്ന് പുനർനിർണ്ണയിച്ചു. മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികളുമായി ഇനിയും മുമ്പോട്ടുപോകുന്നതാണ്. അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെയും സഹകരണം ഉണ്ടാകണം. മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദന്, സി. ദിവാകരന്, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോന്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) <u>ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> ഓരോ ദേശത്തേയും രാഷ്ട്രീയവും ജീവിതവും സിനിമകളിൽക്കൂടി മനസ്സിലാക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ട് ചലചിത്രോത്സവത്തിന്റെ വിജയത്തിനായി ലോകനിലവാരമുള്ള സിനിമകൾ

പ്രദർശിപ്പിക്കണം. പത്തൊമ്പതാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ഇപ്പോൾത്തന്നെ ആരംഭിക്കണം. അന്താരാഷ്ട്ര ചലച്ചിത്രമേളയുമായി ബന്ധപ്പെട്ട് സിനിമകൾ ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുത്ത് പ്രദർശിപ്പിക്കാനായി ഫെസ്റ്റിവൽ ഡയറക്ടറേറ്റ് ഉണ്ടാകേണ്ടതും അതിൽ പ്രഗത്ഭരായ വ്യക്തികളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുമാണ്. ചലച്ചിത്രമേള നടക്കുമ്പോൾ അച്ചടക്കത്തിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. തിയേറ്ററുകളിൽ ഡെലിഗേറ്റ്സിന്റെ എണ്ണം പരിമിതപ്പെടുത്തുകയും ചലച്ചിത്രമേഖലയിൽ ഉള്ളവരിൽത്തന്നെ കാറ്റഗറൈസേഷൻ നടപ്പിലാക്കുകയും വേണം. അഞ്ച് സിനിമകളെങ്കിലും പ്രദർശിപ്പിക്കാൻ സാധിക്കുന്നതരത്തിൽ ഒരു സ്ഥിരം ഫെസ്റ്റിവൽ കോംപ്ലക്സ് തിരുവനന്തപുരത്ത് ഉണ്ടാക്കുകയും അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനുശേഷം ഇത് സർക്കാർ ഏജൻസികൾക്ക് നൽകിക്കൊണ്ട് അവാർഡ് ലഭിച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള സ്ഥിരം വേദിയായി ഉപയോഗപ്പെടുത്തുകയും വേണം. നിയമസഭാ സാമാജികർക്കായി നല്ല സിനിമകൾ പ്രദർശിപ്പിക്കുന്നതിന് നിയമസഭാ ഹോസ്റ്റലിൽ നൂറ് സീറ്റുകളുള്ള ഒരു തിയേറ്റർ സംവിധാനം ഏർപ്പെടുത്തണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2014 ഡിസംബർ മാസത്തിൽ നടത്തുന്ന കേരള

അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ തയ്യാറെടുപ്പ് സംബന്ധിച്ച് പ്രാഥമിക ചർച്ച നടന്നിട്ടുണ്ട്. ചലച്ചിത്ര മേളയിലേക്ക് ഏറ്റവും നല്ല ജൂറികളും സിനിമകളും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ സ്ഥലം അനുവദിക്കുകയാണെങ്കിൽ നിയമസഭാ സാമാജികർക്കുവേണ്ടി കെ.എഫ്.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ഒരു ഹോം തീയേറ്റർ നിയമസഭാ കോംപ്ലക്സിൽ നിർമ്മിക്കാൻ നടപടിയെടുക്കുന്നതാണ്. സ്ഥിരം ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി കെ.എഫ്.ഡി.സി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനും കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ പ്രശസ്തി മെച്ചപ്പെടുത്തി കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കും.

മി. സ്പീക്കര്: നിയമസഭാ മ്യൂസിയത്തിലെ മിനി എ.സി. തീയേറ്ററിന്റെ പണി പൂർത്തിയാകുന്നതുവരെ എം.എല്.എ. ഹോസ്റ്റലിലെ എ.സി. കോൺഫറൻസ് ഹാളിൽ കേരള ചലച്ചിത്ര അക്കാദമിയുമായി സഹകരിച്ചുകൊണ്ട് നിയമസഭാ സമ്മേളനമില്ലാത്ത സമയത്ത് ക്ലാസിക്കൽ സിനിമ പ്രദർശിപ്പിക്കുന്നതിനു വേണ്ടിയുള്ള സൗകര്യമേർപ്പെടുത്താവുന്നതാണ്.

(2) **പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

ഡോ. ടി. എം. തോമസ് ഐസക്: കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്.

ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ഡി.പി., കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടങ്ങിയവയ്ക്ക് സർക്കാർ കൊടുക്കുന്ന ഓർഡർ കുറയുകയും ഓട്ടോ കാസ്റ്റ്, ബി.എഫ്.ആർ., ട്രാക്കോ കേബിൾ കമ്പനി, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്, ബാംബൂ ടൈൽസ് എന്നിവ നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. വ്യവസായ സ്ഥാപനങ്ങളിൽ ആവശ്യത്തിന് മെയിന്റനൻസ് നടത്തുന്നില്ല. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളുടെ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കണം. പ്രവർത്തനരഹിതമായ സ്പിന്നിംഗ് മില്ലുകളെ പുനരുദ്ധരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഈ വർഷം ടേൺഓവർ കുറഞ്ഞിട്ടില്ലെങ്കിലും ഉൽപ്പാദനച്ചെലവിൽ വന്നിരിക്കുന്ന വർദ്ധനവുമൂലം ലാഭം കുറയുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാർ കൊടുത്തതിനേക്കാൾ കൂടുതൽ തുക ഈ സർക്കാർ വിനിയോഗിച്ചിട്ടുണ്ട്. ഓരോ

പൊതുമേഖലാ സ്ഥാപനങ്ങളും നേരിടുന്ന പ്രതിസന്ധികൾ പ്രത്യേകമായി പരിഗണിച്ച് അവ റീ-സ്ട്രക്ച്ചർ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ കൂട്ടായി ചർച്ചചെയ്യാവുന്നതാണ്. കഴിഞ്ഞ സർക്കാർ പുതുതായി ആരംഭിച്ച സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു.

**സബ്മിഷൻ**

(1) **ആർ.ജി.സി.ബി.-ക്ക് രക്ത സാമ്പിളുകൾ നൽകുന്നതു സംബന്ധിച്ച്**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദന്): രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ പരിശോധനാ റിപ്പോർട്ടിൽ രോഗിക്ക് ഹാന്റ വൈറസ് ബാധയുണ്ടെന്ന് വ്യക്തമാക്കിയിരുന്നിട്ടും ഉചിതമായ നടപടികൾ എടുക്കാതിരുന്ന ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും രക്ത സാമ്പിളുകൾ പരിശോധനയ്ക്കായി ആര്.ജി.സി.ബി.-ക്ക് നൽകേണ്ടതില്ലെന്ന ആരോഗ്യവകുപ്പിന്റെ ശുപാർശ പിൻവലിക്കാനും തയ്യാറാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സ്രവ-രക്ത സാമ്പിളുകൾ സാധാരണഗതിയിൽ മെഡിക്കൽ

കോളേജ്, എസ്.എ.റ്റി. ആശുപത്രി ലാബോറട്ടറികളിൽത്തന്നെയാണ് പരിശോധിക്കുന്നതെങ്കിലും കൂടുതൽ പരിശോധനകൾക്കായി കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്-ന്റെ കീഴിലുള്ള എ.സി.ആർ. ലാബിലേക്ക് അയയ്ക്കാറുണ്ട്. എന്നാൽ അവിടെ പി.സി.ആർ. ടെസ്റ്റിനുള്ള സൗകര്യമില്ലാത്തതുകൊണ്ട് രോഗ സ്ഥിരീകരണ പരിശോധനയ്ക്കുവേണ്ടി രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലേക്ക് അയയ്ക്കുന്നതിന് രണ്ട് ലാബുകളും തമ്മിൽ ധാരണയുണ്ടാക്കിയിട്ടുണ്ട്. ഹാന്റ വൈറസുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധന മാത്രമേ നടത്തിയിട്ടുള്ളുവെന്നും പി.സി.ആർ., കൾച്ചർ എന്നീ പരിശോധനകൾ കൂടി നടത്തിയാലേ രോഗം സ്ഥിരീകരിക്കാൻ കഴിയുകയുള്ളുവെന്നും അതിന് പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലേക്ക് അയച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്. അമേരിക്കയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ ടെസ്റ്റ് കിറ്റ് മാത്രമാണ് ഹാന്റ വൈറസ് സ്ഥിരീകരിക്കാൻ ലോകാരോഗ്യ സംഘടന അംഗീകരിച്ചിട്ടുള്ളത്. രാജീവ് ഗാന്ധി സെന്ററിൽ ടൈഫസും ഹാന്റാ വൈറസും പോസിറ്റീവായി കണ്ട രക്ത സാമ്പിൾ തുടർ പരിശോധനകൾക്കും രോഗസ്ഥിരീകരണത്തിനുമായി പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടിയാലേ രോഗം സ്ഥിരീകരിക്കാൻ കഴിയുകയുള്ളു. രോഗബാധമൂലം

മരണപ്പെട്ടയാളുടെ വീടും പരിസര പ്രദേശങ്ങളും മെഡിക്കൽ സംഘം പരിശോധിച്ച് ആവശ്യമായ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) **പാൻമസാല വിപണനം ചെയ്യുന്നവർക്ക് ജയിൽ ശിക്ഷ**

ശ്രീ സി. ദിവാകരൻ : പാൻമസാല ഉൾപ്പെടെയുള്ള നിരോധിത ഉൽപ്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കേന്ദ്ര ഭക്ഷ്യ സുരക്ഷാനിലവാര റെഗുലേഷൻ നിയമം അനുസരിച്ച് നിരോധനം ഫലപ്രദമായി നടപ്പാക്കാൻ ഭക്ഷ്യസുരക്ഷ, പോലീസ്, എക്സൈസ്, റവന്യൂ, ആരോഗ്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ സ്ക്വാഡുകൾക്ക് രൂപം കൊടുത്തുകൊണ്ട് സംസ്ഥാന വ്യാപകമായി പരിശോധന നടത്തുകയും പാൻമസാല പിടിച്ചെടുത്ത് നശിപ്പിക്കുകയും ഇതിനുത്തരവാദികളായവരിൽനിന്ന് 2 ലക്ഷം രൂപ വരെയുള്ള പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ നിരോധിത ഉൽപ്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ പോലീസ് ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) **കളിമൺ പാത്ര നിർമ്മാണ മേഖലയിലെ പ്രതിസന്ധി**

ശ്രീ. കെ. രാധാകൃഷ്ണൻ: പരമ്പരാഗത മൺപാത്ര നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): മൺപാത്ര നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കളിമണ്ണ് ലഭിക്കുന്നില്ല എന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ കളിമൺ ഖനനം ചെയ്യുന്നതിന് ഇവർക്ക് ഇളവ് ലഭ്യമാക്കണമെന്ന് മൈനിംഗ് & ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മൺപാത്ര വികസന കോർപ്പറേഷന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നും കളിമൺ വ്യവസായ യൂണിറ്റുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 25000 രൂപ വീതം നൽകുന്നുണ്ടെന്നും പിന്നോക്ക വികസന വകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്.

### (4) ഇരിങ്ങാലക്കുടയിൽ ഇൻഡസ്ട്രിയൽ പാർക്ക്

ശ്രീ. തോമസ് ഉണ്ണിയാടന്: ഇരിങ്ങാലക്കുടയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇരിങ്ങാലക്കുടയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ

ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനായി നിശ്ചയിച്ച സ്ഥലം അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് ആദ്യം റിജക്ട് ചെയ്തുവെങ്കിലും രണ്ടാമത് ടേക്കപ്പ് ചെയ്ത് ജലസ്രോതസ്സിന് വിഘാതം വരാത്തവിധം ഭൂമി അനുവദിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

### (5) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. കെ. നാരായണൻ: കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ചും കൈത്തറി സൊസൈറ്റികൾക്കുള്ള ലോണുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനും റിബേറ്റ് കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കണം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കൈത്തറി മേഖലയിലെ പ്രശ്നപരിഹാരത്തിനായി കാലാകാലങ്ങളിലുള്ള ഇൻകം സപ്പോർട്ട് സ്കീം, പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സൊസൈറ്റിയുടെ കടബാധ്യത തീർക്കാനായി റിവൈവൽ റിഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് എന്ന കേന്ദ്രപദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിപ്രകാരം 124 കൈത്തറി സംഘങ്ങൾക്കും 1112 വ്യക്തിഗത കൈത്തറി നെയ്ത്തുകാർക്കും

പുനരുദ്ധാരണ പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. മൊത്തം 29 കോടി രൂപ കഴിഞ്ഞ വർഷം അനുവദിച്ചു. കേന്ദ്രസർക്കാരിന്റെ പുതുക്കിയ നിബന്ധനകളനുസരിച്ച് 255 കൈത്തറി സംഘങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതാണ്. റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കാൻ ഏഴ് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## (6) അനധികൃത ഖനനം

ശ്രീ. വി. ശശി: ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വെയിലൂർ പ്രദേശത്ത് നടക്കുന്ന അനധികൃത ഖനനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഈ ഗവൺമെന്റ് വന്നശേഷം ചിറയിൻകീഴ് മണ്ഡലത്തിലെ വെയിലൂർ പ്രദേശത്ത് കളിമണ്ണ് ഖനനം അനുവദിച്ചിട്ടില്ല. അവിടെ നടക്കുന്ന പ്രശ്നങ്ങളുടെ വിശദാംശങ്ങൾ സ്ഥലം എം.എല്.എ.-യുമായി ചർച്ചചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

## (7) വിരമിച്ച ബി.എസ്.എഫ്. ജവാന്മാർക്ക് ആനുകൂല്യം

| <u>ശ്രീമതി ഇ. എസ്. ബിജിമോള്:</u> ബി.എസ്.എഫ്.-ൽനിന്നും വിരമിച്ചവർക്കും വിമുക്ത ഭടന്മാർക്ക് നൽകിവരുന്ന ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല)</u> : അർദ്ധസൈനിക വിഭാഗങ്ങളിൽനിന്ന് വിരമിച്ചവർക്ക് വിമുക്തഭട പദവി നൽകിയതിനെ തുടർന്ന് വിമുക്ത ഭടന്മാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ഇവർക്കും നൽകണമെന്നുള്ള കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രാലയത്തിന്റെ ഉത്തരവ് നടപ്പാക്കുന്നതിലുള്ള ബുദ്ധിമുട്ട് കേന്ദ്രത്തെ അറിയിച്ചിരുന്നുവെങ്കിലും പാരാമിലിറ്ററിയുമായി ബന്ധപ്പെട്ട സംഘടനകളും വ്യക്തികളും നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

## (8) <u>**കൂത്തമ്പലത്തിലെ തീപിടുത്തം**</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :</u> തൃശ്ശൂർ രാമനിലയം വളപ്പിൽ ടൂറിസം വകുപ്പിനുവേണ്ടി നിർമ്മിച്ച കൂത്തമ്പലം ദുരൂഹ സാഹചര്യത്തിൽ കത്തി നശിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u> : തൃശ്ശൂർ രാമനിലയം വളപ്പിൽ നിർമ്മാണത്തിലിരുന്ന കൂത്തമ്പലം കത്തി നശിച്ചത്

സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും വിവിധ വകുപ്പുകളുടെയും ഡോഗ് സ്ക്വാഡിന്റെയും സഹായത്തോടെ അന്വേഷണം നടത്തുകയുമുണ്ടായി. സാമ്പിളുകളുടെ പരിശോധനയിൽ തീപിടുത്തത്തിന് സാഹചര്യമൊരുക്കുന്ന രാസവസ്തുക്കളൊന്നും കണ്ടെത്തിയിട്ടില്ല. കരാറുകാരനെ നുണപരിശോധനയ്ക്ക് വിധേയനാക്കുന്നതിന് കോടതിയുടെ അനുമതി തേടുകയും ഊർജ്ജിത അന്വേഷണത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(9) **എസ്.എഫ്.ഐ. പ്രവർത്തകരെ മർദ്ദിച്ച പോലീസുകാർക്കെതിരെ നടപടി**

ശ്രീ. രാജു എബ്രഹാം : പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്ന അതിക്രമങ്ങളെ തുടർന്ന് എസ്.എഫ്.ഐ. പ്രവർത്തകർക്ക് മർദ്ദനമേറ്റ സംഭവത്തിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ പരുക്കേറ്റ് ആശുപത്രിയിലായ പ്രവർത്തകരെ സന്ദർശിച്ച ഇരുവിഭാഗത്തുമുള്ള പ്രവർത്തകർ തമ്മിലുണ്ടായ വാക്കുതർക്കത്തെ തുടർന്ന് രണ്ട് കെ.എസ്.യു. പ്രവർത്തകരെ കരുതൽ

അറസ്റ്റ് നടത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കണ്ടാലറിയാവുന്ന പത്തോളംപേരെ പ്രതിയാക്കി കേസ്സെടുത്തിട്ടുള്ളതുമാണ്.

(10) **പുതിയ പോലീസ് സ്റ്റേഷൻ**

ശ്രീ. മോൻസ് ജോസഫ് : കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ മാഞ്ഞൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കാനും കടുത്തുരുത്തി സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് പുതിയ മന്ദിരവും ക്വാർട്ടേഴ്സും നിർമ്മിക്കാനും ഉഴവൂർ കേന്ദ്രമായി ഔട്ട് പോസ്റ്റ് അനുവദിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : ഭൂവിസ്തൃതിമൂലം നീതിനിർവ്വഹണം കാര്യക്ഷമമായി നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ മാഞ്ഞൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വകുപ്പുതലത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതിയനുസരിച്ച് അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ നടപടി സ്വീകരിക്കുന്നതും കടുത്തുരുത്തി സർക്കിൾ ഓഫീസ് കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്ന കാര്യം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പരിഗണിക്കുന്നതുമാണ്.

(11) **കോങ്ങാട് ഫയർ സ്റ്റേഷൻ**

ശ്രീ. കെ. വി. വിജയദാസ് : സ്ഥലം ലഭ്യമായ കോങ്ങാട് പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

കോങ്ങാട് ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ കമാന്റിംഗ് ജനറൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 50 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(12) **<u>പരവൂർ ഫയർസ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ</u>**

<u>ശ്രീ. ജി. എസ്. ജയലാൽ</u> : അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുന്ന പരവൂർ ഫയർ സ്റ്റേഷന് സ്ഥലം ലഭ്യമാക്കി പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കൊല്ലം ജില്ലയിലെ പരവൂർ റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ വാഹനങ്ങൾ വാങ്ങുന്നതോടൊപ്പം അഡീഷണൽ വാഹനങ്ങൾ അനുവദിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(13) **<u>കൊല്ലങ്കോട് ഫയർ സ്റ്റേഷൻ</u>**

<u>ശ്രീ. വി. ചെന്താമരാക്ഷന്:</u> നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. സ്ഥലം ലഭ്യമാക്കി എം.എല്.എ.ഫണ്ട് ഉപയോഗിച്ചോ, ആസ്തി വികസന ഫണ്ടുപയോഗിച്ചോ കെട്ടിടം പണിതുകഴിഞ്ഞാൽ എക്യുപ്മെന്റ്സ് നൽകുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്. ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് അനുവദിച്ചതിൽ കൂടുതൽ ഫണ്ട് ആവശ്യമായ സാഹചര്യമാണ് നിലവിലുള്ളത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ കാര്യങ്ങൾ പരിഗണിക്കുന്നതാണ്.

(14) **അംശകച്ചേരി - ചെറുകുളം റോഡിന്റെ പ്രവൃത്തി**

ശ്രീ. എ. കെ. ശശീന്ദ്രന്: കോഴിക്കോട് ജില്ലയിലെ കാക്കോടി ഗ്രാമപഞ്ചായത്തിലെ അംശകച്ചേരി- ചെറുകുളം റോഡിന്റെ നിർമ്മാണ പ്രവൃത്തി തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :കോഴിക്കോട് ജില്ലയിലെ കാക്കോടി ഗ്രാമപഞ്ചായത്തിലെ അംശകച്ചേരി- ചെറുകുളം റോഡ് നവീകരിക്കുന്നതിന് 2011-ൽ ഭരണാനുമതി ലഭിച്ചെങ്കിലും സർവ്വേ നടപടികൾ പൂർത്തിയാക്കി ഭൂമിയേറ്റെടുക്കൽ നടപടി പൂർണ്ണമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ നഷ്ടപരിഹാരം നൽകി സ്ഥലമേറ്റെടുക്കാനാവശ്യമായ നടപടികൾ പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(15) **അങ്കമാലി - നെടുമ്പാശ്ശേരി എയർപോർട്ട് ബൈപ്പാസ്**

ശ്രീ. ജോസ് തെറ്റയില്: അങ്കമാലി-നെടുമ്പാശ്ശേരി എയർപോർട്ട് ബൈപ്പാസ് നിർമ്മാണം അടിയന്തിരമായി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : അങ്കമാലി-നെടുമ്പാശ്ശേരി എയർപോർട്ട് ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കാനായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(16) **ഓണാട്ടുകര പാക്കേജ്**

ശ്രീ. സി. കെ. സദാശിവന്: കുട്ടനാട് പാക്കേജിനോടനുബന്ധമായി പ്രഖ്യാപിച്ച ഓണാട്ടുകര കാർഷിക പാക്കേജ് ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനന്): ഓണാട്ടുകര പ്രദേശത്തെ തോടുകള്, കുളങ്ങൾ മുതലായവയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി അറുപത്തിയഞ്ച് ലക്ഷം രൂപയുടെ തരിശുകൃഷി നടപ്പിലാക്കി. കൃഷി വകുപ്പിൻ

കീഴിൽ എള്ളുകൃഷി പ്രോത്സാഹിപ്പിച്ചതിലൂടെ നിരവധി കൃഷിക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഓണാട്ടുകരയിലെ കാർഷിക ഗവേഷണം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കായി കായംകുളത്തിന് ആവശ്യമായ തുക അനുവദിക്കുകയുണ്ടായി. മൃഗസംരക്ഷണം, മത്സ്യബന്ധനം, വനം എന്നീ വകുപ്പുകൾ നടപ്പിലാക്കുന്ന പശുവിതരണ പദ്ധതി, ആട് വിതരണം, താറാവ് വളർത്തല്, മത്സ്യക്കുഞ്ഞുങ്ങളുടെ വിതരണം, കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യം ഓണാട്ടുകര മേഖലയ്ക്ക് ലഭ്യമായിട്ടുണ്ട്. കരാറുകാർ പ്രതികരിക്കുന്നില്ലെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ റീ-ടെണ്ടറിംഗിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(17) **പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പാർപ്പിട സമുച്ചയം**

ശ്രീ. പി. കെ. ഗുരുദാസന്: കൊല്ലം ജില്ലയിലെ പുള്ളിക്കട എന്ന സ്ഥലത്തെ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ചുകൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : കൊല്ലം ജില്ലയിലെ പുള്ളിക്കട എന്ന സ്ഥലത്ത് റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലം നഷ്ടപരിഹാരമില്ലാതെ കോർപ്പറേഷന് വിട്ടുകൊടുക്കണമെന്ന ആവശ്യം സർക്കാർ റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

നഷ്ടപരിഹാരം നൽകണമെന്നുണ്ടെങ്കിൽ അക്കാര്യം കോർപ്പറേഷന്റെ ശ്രദ്ധയിലുംകൊണ്ടുവരും. ഈ പ്രശ്നം പരിഹരിക്കാനുള്ള എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

## (18) ബി.പി.എല്. സർട്ടിഫിക്കറ്റ് ലഭിക്കാൻ നടപടി

ശ്രീ. എന്. ഷംസുദ്ദീൻ : ജനസമ്പർക്ക പരിപാടിയിലൂടെ എ.പി.എല്. വിഭാഗത്തിൽനിന്നും ബി.പി.എല്. വിഭാഗത്തിലേക്ക് മാറ്റിയ കാർഡുടമകൾക്ക് ബി.പി.എല്. സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : ജനസമ്പർക്ക പരിപാടിയിലൂടെ എ.പി.എല്. വിഭാഗത്തിൽനിന്നും ബി.പി.എല്. വിഭാഗത്തിലേക്ക് മാറ്റപ്പെട്ടവർക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനായി ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി അർഹതപ്പെട്ടവർക്ക് ബി.പി.എല്. കാർഡ് ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇവർക്ക് ബി.പി.എല്. സർട്ടിഫിക്കറ്റ് നൽകുന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

## (19) പുതിയ പെൻസ്റ്റോക്ക് പൈപ്പ് സ്ഥാപിക്കൽ

ശ്രീ. എസ്. രാജേന്ദ്രൻ : ഇടുക്കിയിലെ വെള്ളത്തൂവൽ പഞ്ചായത്തിലെ അപകടാവസ്ഥയിലുള്ള പെൻസ്റ്റോക്ക് പൈപ്പുകൾ പുന:സ്ഥാപിക്കാൻ നടപടി

സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ഇടുക്കിയിലെ വെള്ളത്തൂവൽ പഞ്ചായത്തിലെ പെൻസ്റ്റോക്ക് പൈപ്പുകളിലെ ചോർച്ച ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സെൻട്രൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്കൊണ്ട് പഠനം നടത്തിക്കുകയുണ്ടായി. റിപ്പയർ കൊണ്ടുതന്നെ പ്രശ്നം തീർക്കാൻ സാധിക്കുമെന്നും മറ്റ് അപകടങ്ങളില്ലെന്നും പ്രസ്തുത സ്ഥാപനം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി മാസം പതിനേഴാം തീയതി പ്രവർത്തനം തുടങ്ങുന്നതാണ്.

(20) **പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ്**

ശ്രീ. ആർ. രാജേഷ് : മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം കേന്ദ്രീകരിച്ച് പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : നോംസിൽ ഉൾപ്പെടാത്തതിനാൽ മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം കേന്ദ്രീകരിച്ച് പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ഉടനെ അനുവദിക്കാൻ കഴിയില്ലെങ്കിലും ഇത് സർക്കാരിന്റെ പരിഗണനയിലുണ്ട്.

(21) **ഇ.എഫ്.എല്. നിയമത്തിന്റെ പേരിൽ ഭൂമി നഷ്ടപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾ**

<u>ശ്രീ. സണ്ണി ജോസഫ്</u> : ഇ.എഫ്.എല്. നിയമത്തിന്റെപേരിൽ ഭൂമി നഷ്ടപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിയമനടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്</u>) : ഇ.എഫ്.എല്. ആക്റ്റിന്റെ മൂന്നാം വകുപ്പ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം സംബന്ധിച്ച് തർക്ക പരിഹാരത്തിനായി വിജ്ഞാപനത്തീയതി മുതൽ 6 മാസത്തിനകമോ അല്ലെങ്കിൽ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ 5 വർഷത്തിനകമോ ബന്ധപ്പെട്ട ഇ.എഫ്.എല്. ട്രൈബ്യൂണലിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. 2009-ലെ ഭേദഗതിയിലൂടെ പുതുതായി ചേർക്കപ്പെട്ട വകുപ്പുപ്രകാരം 2 ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള ഭൂമിയുടെ നിക്ഷിപ്തമാക്കൽ സംബന്ധിച്ച വിജ്ഞാപനത്തെക്കുറിച്ച് തർക്കമുണ്ടെങ്കിൽ നിയമഭേദഗതി നിലവിൽ വന്ന തീയതി മുതലോ ഇ.എഫ്.എല്. പുറപ്പെടുവിക്കുകയാണെങ്കിൽ ആ വിജ്ഞാപനത്തീയതി മുതൽ 6 മാസത്തിനകമോ ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രത്യേക സമിതിയെ രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും. പ്രതിഫലം കൂടാതെ നോട്ടിഫൈ ചെയ്ത് ഭൂമി എടുക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആക്റ്റിൽ ഭേദഗതി വരുത്തേണ്ടതു സംബന്ധിച്ച നിയമം നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്.

(22) **വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര**

ശ്രീമതി കെ.കെ. ലതിക : കെ.എസ്.ആര്.ടി.സി. ഉൾപ്പെടെയുള്ള എല്ലാ ബസ്സുകളിലും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്) : കെ.എസ്.ആര്.ടി.സി. അതിരൂക്ഷമായ പ്രതിസന്ധി നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സൗജന്യയാത്ര അനുവദിക്കുന്നതിൽ ചില ബുദ്ധിമുട്ടുകളുണ്ട്. ഇതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(23) **ബസ് ടെർമിനൽ -കം -ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

ശ്രീ. പി. ഉബൈദുള്ള : മലപ്പുറം ജില്ലാ ആസ്ഥാനത്ത് കെ.എസ്.ആര്.ടി.സി. ബസ് ടെർമിനല്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കണമെന്ന ആശയം മുൻനിർത്തിയാണ് കൈവശമുള്ള സ്ഥലത്ത് മുതൽമുടക്കാൻ തയ്യാറുള്ളവർ വന്നാൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാമെന്ന പദ്ധതിക്ക് ആരംഭം കുറിച്ചത്. അനുയോജ്യമായ സ്ഥലം

ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്. ജനങ്ങളുടെ യാത്രാ ക്ലേശത്തിന് പരിഹാരമുണ്ടാക്കണമെന്നും കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ സ്കീം വിപുലപ്പെടുത്തി ലാഭകരമാക്കണമെന്നുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മലപ്പുറം ജില്ലയ്ക്ക് മുൻഗണന നൽകും.

(24) **ശിവഗിരിയുടെ അടിസ്ഥാന സൗകര്യ വികസനം**

ശ്രീ. വർക്കല കഹാർ: തീർത്ഥാടന കേന്ദ്രമായ ശിവഗിരിയുടെ അടിസ്ഥാന സൗകര്യവികസനം, മഹാസമാധിയിലേക്കുള്ള റോഡിന്റെ പുനർനിർമ്മാണം, യാത്രാക്ലേശം പരിഹരിക്കല്, പാർക്കിംഗ് സൗകര്യം വിപുലപ്പെടുത്തൽ എന്നിവയ്ക്കും ഹെലിപാഡ്, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3 കോടി രൂപ അന്തർദ്ദേശീയ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി നൽകിക്കഴിഞ്ഞു. മഹാസമാധിയിലേക്കുള്ള റോഡിന്റെ നവീകരണം ടൂറിസം വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടത്താൻ നടപടി സ്വീകരിക്കുന്നതാണ്. ഹെലിപാഡ് നിർമ്മാണത്തിന് സൗകര്യം

ഒരുക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതും ശിവഗിരിയുടെ സമഗ്ര വികസനത്തിന് ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്ന് പരമാവധി കാര്യങ്ങൾ ചെയ്യുന്നതുമാണ്.

(25) **നദീതീര ടൂറിസം പദ്ധതി**

ശ്രീ. പി. കെ. ബഷീർ: ഏറനാട് മണ്ഡലത്തിലെ ചാലിയാർ പുഴയുടെ തീര പ്രദേശത്ത് ബോട്ട് ജെട്ടിയും പാർക്കും നിർമ്മിച്ച് നദീതീര ടൂറിസം പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ചാലിയാർ പുഴയുടെ തീരത്ത് കീഴുപറമ്പ് മുതൽ എടവണ്ണ വരെയുള്ള ഭാഗത്ത് നദീതീര ടൂറിസം പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാട്ടർ പാർക്ക്, റിക്രിയേഷൻ പാർക്ക് തുടങ്ങിയവ നദീതീരത്ത് സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതും എടവണ്ണയിൽ ഉടൻതന്നെ ഒരു പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(26) **അനാഥാലയങ്ങളും ധർമ്മസ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. സി. മോയിൻകുട്ടി: കേരളത്തിലെ അനാഥാലയങ്ങളും ഇതര ധർമ്മ സ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണം. ഓർഫനേജ് കൺട്രോൾ ബോർഡ് യഥാസമയം യോഗം ചേരാത്തതും എല്ലാ ജില്ലകളിലും സാമൂഹ്യനീതി ഡയറക്ടർമാരെ നിയമിക്കാത്തതും സ്ഥാപനങ്ങൾക്കെതിരെ തെറ്റിദ്ധാരണാജനകമായ പത്ര റിപ്പോർട്ടുകൾ വരുന്നതും അന്വേഷിച്ച് നടപടിയെടുക്കണം. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് സഹായിക്കാനും അനാഥാലയങ്ങളുടെ ഗ്രാന്റ് വർദ്ധിപ്പിക്കാനും ഓർഫനേജ് കൺട്രോൾ ബോർഡിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്താനുമാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള 1133 അനാഥാലയങ്ങളുടേയും 512 വൃദ്ധസദനങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല അവലോകന സമിതിയും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുകയും അനാഥാലയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും സംസ്ഥാനതല അവലോകന സമിതിയിൽ പരിഗണിക്കേണ്ട വിഷയങ്ങൾ കൊണ്ടുവരികയുമാണ് ചെയ്യുന്നത്. എട്ട് ജില്ലകളിൽ ജില്ലാ സാമൂഹ്യനീതി

ഓഫീസർമാർ നിലവിലില്ലാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടാത്ത വിധത്തിൽ പകരം ജീവനക്കാർക്ക് ചുമതല നൽകിയിട്ടുണ്ട്. മാർച്ച് 2-ന് കാലാവധി തീരുന്ന മുറയ്ക്ക് പുതിയ കൺട്രോൾ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

## (27) **ദേശീയ ഗ്രാമീണ ഉപജീവന മിഷൻ**

ശ്രീ. എ. റ്റി. ജോർജ്: ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി രൂപീകരിച്ച ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ സുതാര്യമായി നടപ്പിലാക്കാനും പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ യോഗം വിളിച്ചുചേർത്ത് സംസ്ഥാന തലത്തിൽ ഏകോപനമുണ്ടാക്കാൻ സംസ്ഥാന സെൽ രൂപീകരിക്കാനും ആവശ്യമായ നടപടിയുണ്ടാകണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീര്): എന്.ആര്.എല്.എം.-ന്റെ നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തിയതായി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ദരിദ്രരായ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ എന്.ആര്.എല്.എം. പദ്ധതിയുടെ കീഴിൽ ആജീവിക സ്കിൽസ് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. എം.എല്.എ.-മാർ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള മോണിറ്ററിംഗ്

കമ്മിറ്റിവഴി എന്.ആര്.എം.എൽ പദ്ധതി വിലയിരുത്തണം. സംസ്ഥാന തലത്തിൽ 14 എം.എല്.എ.മാർ അംഗങ്ങളായും സാമൂഹ്യനീതി വകുപ്പുമന്ത്രി അദ്ധ്യക്ഷനുമായി 'കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി' രൂപീകരിച്ച് കാര്യങ്ങൾ വിലയിരുത്തുന്നുണ്ട്. മോണിറ്ററിംഗും തുക ചെലവഴിക്കുന്ന കാര്യങ്ങളും വിശകലനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്.

## (28) 108 ആംബുലൻസിന്റെ പ്രവർത്തനം

ശ്രീ കെ. മുരളീധരന്: തിരുവനന്തപുരം നഗരത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നതും മാനേജ്മെന്റ് മാറ്റത്തെത്തുടർന്ന് കുത്തഴിഞ്ഞ സ്ഥിതിയിലുമായ 108 ആംബുലൻസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിനും ശാസ്തമംഗലം സ്വദേശിനിക്കുണ്ടായ അനുഭവത്തെപറ്റി അടിയന്തരമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും അവരുടെ ചികിത്സാചെലവുകൾ വഹിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ വി.എസ്. ശിവകുമാര്): ശാസ്തമംഗലം സ്വദേശിനിക്കുണ്ടായ അനുഭവം സംബന്ധിച്ച് അടിയന്തരമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ്

സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ ചികിത്സയിലിരിക്കുന്ന രോഗി അപകടനില തരണം ചെയ്തു വരുന്നു. സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതും രോഗിക്ക് സാമ്പത്തിക സഹായം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുന്നതുമാണ്. 108 ആംബുലൻസിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## (29) <u>സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും ഒരു കാൻസർ ഡിറ്റക്ഷൻ സെന്റർ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ വി.എസ്. ശിവകുമാർ):</u> കൊണ്ടോട്ടി സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്താൻ അധികമായി ആവശ്യമുള്ള അടിസ്ഥാനസൗകര്യങ്ങളും തസ്തികകളും സൃഷ്ടിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ചുള്ള പ്രോപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ ഇൻകെല്-ന്റെ

ആഭിമുഖ്യത്തിൽ ഒരു കാൻസർ സെന്റർ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. മലബാർ മേഖലയിൽ കാൻസർ ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ ജില്ലാ കാൻസർ കെയർ പദ്ധതി പ്രകാരം ജില്ലാ ആശുപത്രികളിൽ കാൻസർ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആർ.സി.സി.-യുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ഏർളി ക്യാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ നടന്നുവരുന്നു. എല്ലാ ജില്ലാ ആശുപത്രികളിലും ദന്ത രോഗ വിഭാഗത്തോടനുബന്ധിച്ച് ഓറൽ കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

(30) <u>**തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള പദ്ധതി**</u>

<u>ശ്രീ പാലോട് രവി:</u> തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികളും അരുവിക്കരയിൽ ജലവിതരണ പൈപ്പിലേക്കുള്ള ഇന്റർ കണക്ഷൻ വാൽവ് സ്ഥാപിക്കുന്നതിലെ ടെണ്ടർ നടപടികളും അനന്തമായി നീട്ടികൊണ്ടുപോകുന്നതിലെ ദുരൂഹതകൾ അന്വേഷിക്കുന്നതിനും ഇന്റർ കണക്ഷൻ ലിങ്കിന്റെ പണി എത്രയും വേഗം പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u>: 'ജിക്ക' പദ്ധതിയിൽ

ഉൾപ്പെടുത്തി അരുവിക്കര ഡിവിഷൻ ഓഫീസ് പരിസരത്ത് പുതുതായി 29 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി നിലവിലുള്ള 48 ഇഞ്ച് കാസ്റ്റ് അയൺ ലൈനുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ പണികൾ പൂർത്തിയായാൽ മാത്രമേ പുതിയ ജലസംഭരണി പ്രവർത്തനക്ഷമമാക്കാൻ കഴിയുകയുള്ളൂ. ടെണ്ടർ നടപടി എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(31) **മീനാട് കുടിവെള്ള പദ്ധതി**

ശ്രീമതി പി. അയിഷാപോറ്റി: കൊല്ലം ജില്ലയിലെ മീനാട് കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാനും പദ്ധതി കടന്നുപോകുന്ന തൊട്ടടുത്തുള്ള പഞ്ചായത്തുകൾക്കുകൂടി കുടിവെള്ളം ലഭ്യമാക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സഹായത്തോടെ കൊല്ലം ജില്ലയിലെ മീനാട് കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈൻ പണികൾ 2013 ജൂണിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്ന പണികൾക്ക് റീ-ടെണ്ടർ ചെയ്ത് കരാറിലേർപ്പെടേണ്ടി വന്നതിനാൽ കാലതാമസമുണ്ടായി.

ഈ പദ്ധതി പ്രകാരം 2130 കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. മീനാട് പദ്ധതിയിൽ ഉൾപ്പെട്ട ജിക്ക പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കി പ്രവർത്തനം പൂർത്തിയാക്കാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

ശ്രീ. ബി. ഡി. ദേവസ്സി: 2013 നവംബർ ഇരുപത്തിയഞ്ചാം തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 12/2013/പി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 924/2013)

മുഖേന പുറപ്പെടുവിച്ച 2013-ലെ മേമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഹൗസ് ബിൽഡിംഗ് അഡ്വാൻസ്) ഭേദഗതി ചട്ടങ്ങൾക്കുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു.

I. In Rule 7 (1) of the parent rules proposed to be substituted by Rule 2(2)(i) for the figure "120", the words "one hundred and eighty" shall be substituted.

II. In Rule 7 (3) of the parent rules proposed to be amended by Rule 2(2)(ii) for the figure "100", the words "one hundred and fifty" shall be substituted.

III. In Rule 8 (2) of the parent rules proposed to be amended by Rule 2(3) for the figure "20", the word "thirty" shall be substituted.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എം.എല്.എ.-മാർക്കുള്ള ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി നീട്ടുന്നതിനുവേണ്ടിയുള്ള ഈ ഭേദഗതികൾ അംഗീകരിക്കുന്നു.

ഭേദഗതികൾ സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

**III. 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കര്: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: എം.എല്.എ.-മാർ നേരിട്ടെടുക്കുന്ന രണ്ട് സ്റ്റാഫംഗങ്ങളുടെ ശമ്പളം 12500 രൂപയായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതി ബിൽ പാസ്സാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണന്: എം.എല്.എ.-മാർ നേരിട്ടെടുക്കുന്ന സ്റ്റാഫംഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിൽ ഗവൺമെന്റിന് തീരുമാനമെടുക്കാവുന്നതാണെന്ന ഒരു വ്യവസ്ഥ നിയമത്തിനകത്തുതന്നെ കൊണ്ടുവരികയാണെങ്കിൽ നിയമസഭയിൽ പ്രസ്തുത ആക്ടിന് എപ്പോഴും ഭേദഗതി കൊണ്ടുവരുന്നത് ഒഴിവാക്കാൻ സാധിക്കും.

ശ്രീ. ഉമ്മൻ ചാണ്ടി: ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തുന്നതാണ്.

2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**I <u>2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ ) ബില്ലിന്റെ അവതരണം</u>**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല):</u> 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകള്) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കര്:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

**II <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>**

**(1) <u>2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ</u>**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. മഞ്ഞളാംകുഴി അലി):</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനന്):</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> 2011-ൽ കെട്ടിട നികുതി പരിഷ്കരിച്ചുകൊണ്ട്

ഭേദഗതി കൊണ്ടുവന്നെങ്കിലും അതുസംബന്ധിച്ച് പരാതികൾ വന്നതിനെത്തുടർന്ന് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായ കൺസൾട്ടേറ്റീവ് കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം അഞ്ച് വർഷത്തിലൊരിക്കൽ നടപ്പിലാക്കാനും, സർക്കാരിന്റെ അംഗീകാരമുള്ള ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടങ്ങളേയും വസ്തു നികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിനായും കേരള മുനിസിപ്പാലിറ്റി ആക്ടിൽ ഭേദഗതി വരുത്തി. അതുപ്രകാരം പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിട നികുതി 25 മുതൽ 60 ശതമാനംവരെയും വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട നികുതി 25 മുതൽ 150 ശതമാനംവരെയും വർദ്ധിപ്പിക്കുകയും നികുതി റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫോറം ലളിതവൽക്കരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് പുതിയതായി ആറ് ഭേദഗതികൾ കൂടി ബില്ലിൽ വരുത്തിയിട്ടുണ്ട്. നഗരസഭാ പ്രദേശത്ത് അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട നഗരസഭയുടെ മുൻകൂർ അനുവാദം നിർബന്ധമാക്കുന്നതിനും ഷാപ്പുകൾ മാറ്റി സ്ഥാപിക്കുവാനോ അടപ്പിക്കുവാനോ മുനിസിപ്പാലിറ്റിക്ക് അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥകൾ ചേർക്കുന്നതിനുമായാണ് മുനിസിപ്പാലിറ്റി ആക്ടിലെ 447-ആം വകുപ്പ് ഭേദഗതി

ചെയ്യുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: I move that-

"This House resolves to disapprove The Kerala Municipality (Amendment) Ordinance, 2013 (Ordinance No. 39 of 2013)". വാടകയുടെ അടിസ്ഥാനത്തിലാണ് ബിൽഡിംഗ് ടാക്സ് നിശ്ചയിച്ചിരിക്കുന്നത്. ഈ ഭേദഗതിമൂലം സാധാരണക്കാരുടെ നികുതിഭാരം വർദ്ധിക്കുകയും നികുതി വെട്ടിപ്പ് നടത്തുന്നവർ രക്ഷപ്പെടുകയും ചെയ്യും. നേരത്തേ വരുത്തിയ ഭേദഗതിമൂലം ബിൽഡിംഗ് ടാക്സ് നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണവും അശാസ്ത്രീയവുമായ വശങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അത് മാത്രം നീക്കം ചെയ്താൽ മതിയായിരുന്നു. ഭേദഗതി ചെയ്യപ്പെടുന്ന രീതിയിലുള്ള നികുതി വ്യവസ്ഥ വളരെ സങ്കീർണ്ണതകൾ ഉള്ളതായതിനാൽ വസ്തുനിഷ്ഠമായ മാനദണ്ഡം വേണമായിരുന്നു. പകരം അത് എടുത്തുകളഞ്ഞിരിക്കുകയാണ്. നഗരസഭകൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രാജീവ് ആവാസ് യോജനയ്ക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന നടപടിയിൽനിന്നും സർക്കാർ പിന്മാറണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2007-ൽ ആരംഭിച്ച ഭവനനിർമ്മാണ പദ്ധതികൾപോലും പൂർത്തീകരിക്കാൻ

സാധിച്ചിട്ടില്ലെന്നുമാത്രമല്ല പല വീടുകളുടെയും പണി പൂർത്തീകരിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു അധികാരവും എടുത്തു മാറ്റുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായിട്ടാണ് ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതെന്ന തിനാൽ കമ്പനി രൂപീകരിക്കേണ്ട കാര്യമില്ല. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ടുവരുന്ന തർക്കങ്ങൾ സോഷ്യൽ മൊബിലൈസേഷനിലൂടെ മാത്രമേ കൈകാര്യംചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ അധികാരങ്ങൾ ഈ കമ്പനികൾക്ക് വിട്ടുനൽകുന്നതിന് തയ്യാറാകില്ല. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതിനുള്ള സബ്സിഡി അനർട്ടും ശുചിത്വമിഷനും അനുവദിച്ചതിനുശേഷവും മുനിസിപ്പാലിറ്റികൾ അനുവദിക്കുന്നില്ല. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മതിയായ ഗുണഭോക്താക്കളെ കിട്ടാത്ത സാഹചര്യത്തിൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങളിൽനിന്നും ഇത്തരം പദ്ധതികളെ ഒഴിവാക്കണം.

ശ്രീ. വി. ശശി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഒരേ വിസ്തീർണ്ണമുള്ള പുതിയ കെട്ടിടങ്ങൾക്കും പഴയ കെട്ടിടങ്ങൾക്കും വ്യത്യസ്ത നികുതിനിരക്കുകൾ

ഏർപ്പെടുത്തുന്ന വിവേചനപരമായ സമീപനമാണ് ഈ ഭേദഗതിവഴി സ്വീകരിച്ചിരിക്കുന്നത്. എയ്ഡഡ് സ്കൂളുകളെയും കുട്ടികളുടെ ഹോസ്റ്റലുകളെയും കെട്ടിടനികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിക്കണം. മുനിസിപ്പാലിറ്റികൾക്ക് കെട്ടിടനികുതിയിൽ ഇളവുകൾ അനുവദിക്കുന്നതിനുള്ള അധികാരം ഈ ബില്ലിലൂടെ എടുത്തുകളഞ്ഞിരിക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. തറ വിസ്തീർണ്ണത്തിന്റെ ഏറ്റക്കുറച്ചിലുകൾ കണക്കിലെടുത്ത് ഇളവ് നൽകുവാനും വസ്തുതാവിരുദ്ധമായ റിട്ടേൺ നൽകുന്നവരെക്കൊണ്ട് പിഴയടപ്പിക്കാനും കെട്ടിട ഉടമ നൽകുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി താൽക്കാലികമായി തിട്ടപ്പെടുത്താനുമുള്ള അധികാരം ഇതിലൂടെ റദ്ദാക്കപ്പെടുകയാണ്. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നികുതിയിളവ് നൽകുന്നത് യുക്തിരഹിതമാണ്. നഗരസഭാ വികസനത്തിനുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർണ്ണമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. സ്വീവേജ് നെറ്റ് വർക്ക് ഇല്ലാത്ത നഗരസഭകളാണ് കേരളത്തിലുള്ളത്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ പ്രഖ്യാപിക്കുന്നത് വൻകിടക്കാർക്ക് ഗുണം ചെയ്യും.

ശ്രീ. പി. ടി. എ. റഹീം: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തു

കൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ടാക്സ് ചുമത്തുവാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ് ഈ ഭേദഗതി. പല തദ്ദേശഭരണ സ്ഥാപനങ്ങളും വർഷങ്ങളായി ടാക്സ് റിവിഷൻ നടത്തുന്നില്ലെന്നു മാത്രമല്ല തനതു ഫണ്ടുകൾ സംബന്ധിച്ച് ഒരു ആലോചനയും നടത്താതെ പ്ലാൻഫണ്ട് ഉപയോഗിച്ച് കാര്യങ്ങൾ നിർവ്വഹിക്കുന്ന സ്ഥിതിയാണുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകാലങ്ങളിൽ ഉണ്ടായിരുന്നതു പോലുള്ള അധികാരങ്ങൾ നൽകണം. അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തെ ബാധിക്കും. അബ്കാരി ഷാപ്പുകൾ തുടങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കുന്നതോടുകൂടി അഴിമതി താഴെത്തട്ടിലേക്ക് പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകും.

<u>ശ്രീ. കെ. വി. വിജയദാസ്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. അടിസ്ഥാന വസ്തു നികുതി ഓരോ അഞ്ച് വർഷം കൂടുമ്പോൾ ഇരുപത്തിയഞ്ച് ശതമാനം വർദ്ധിപ്പിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നതും വാസ്തവ വിരുദ്ധമായ വസ്തുനികുതി സമർപ്പിക്കുന്നവരെ പിഴ ശിക്ഷയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതും അശാസ്ത്രീയവും നഗരസഭകളെ പ്രതിസന്ധിയിലാക്കുന്നതുമാണ്. മുനിസിപ്പൽ

ചട്ടം ഭേദഗതി ചെയ്ത് സർക്കാർ അനധികൃത ഫ്ലാറ്റ് നിർമ്മാണത്തിന് ഒത്താശ ചെയ്തുകൊടുക്കുകയാണ്. നഗരസഭാ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന ബാധ്യത സർക്കാർ ഏറ്റെടുക്കണം. വസ്തു നികുതി കണക്കാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് നൽകിയ അധികാരം എടുത്തുകളഞ്ഞതും ടൗൺ പ്ലാനറുടെ അധികാരം പരിമിതപ്പെടുത്തിയതും സംശയാസ്പദങ്ങളാണ്. വാണിജ്യ സ്ഥാപനങ്ങൾക്കും അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇളവ് നൽകിയിരിക്കുന്നത് പുന:പരിശോധിക്കണം. മദ്യഷാപ്പുകൾ തുടങ്ങുന്നതിന് മുനിസിപ്പാലിറ്റിക്ക് അധികാരം കൊടുക്കുന്നത് മദ്യപാനം വർദ്ധിക്കുന്നതിന് ഇടയാക്കും.

<u>ശ്രീ. ഇ. കെ. വിജയൻ</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. മാലിന്യപ്രശ്നത്തിന് പരിഹാരം കാണാൻ മുനിസിപ്പാലിറ്റികൾക്ക് കഴിയുന്നില്ല. അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസ സൗകര്യമൊരുക്കാൻ കഴിയണം. സ്ഥല ലഭ്യതയനുസരിച്ച് വിവിധ മേഖലകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും വീടുകൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്യണം. അനിയന്ത്രിതമായ ഫ്ളാറ്റ് നിർമ്മാണം നിയന്ത്രിക്കണം. റോഡിന്റെ വീതി കുറയ്ക്കുന്നത് സംബന്ധിച്ചുള്ള ഇളവ് പിൻവലിക്കുകയും മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന നിബന്ധന ഉൾപ്പെടുത്തുകയും വേണം. നഗരസഭകളിലെ കുടിവെള്ളപ്രശ്നം

പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഫീസ്, ഹോസ്റ്റൽഫീസ് ഉൾപ്പെടെ വൻതുക വാങ്ങുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് നികുതിയിളവ് അനുവദിക്കാൻ പാടില്ല. അബ്കാരി നിയമവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിക്ക് ഇളവ് കൊടുക്കുന്ന ബില്ലിലെ സമീപനത്തോട് യോജിക്കാനാവില്ല.

ശ്രീ. എ. റ്റി. ജോർജ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2013- ലെ മുപ്പത്തിമൂന്നാം നമ്പർ ഓർഡിനൻസിനുപകരമായിട്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമം പാസ്സാക്കുന്നതോടെ സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹയർസെക്കണ്ടറി തലംവരെയുള്ള വിദ്യാഭ്യാസാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തുനികുതിയിൽനിന്നും ഒഴിവാക്കപ്പെടും. ബില്ലില്ലെ 447-ആം വകുപ്പിൽ (6)-ആം ഉപവകുപ്പിനുശേഷം 7,8, 9, 10 എന്നീ ഉപവകുപ്പുകൾ കൂട്ടിച്ചേർത്തത് സ്വാഗതാർഹമാണ്. മുനിസിപ്പാലിറ്റികൾക്കും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും അധികാരം നൽകുന്നതുമൂലം അനധികൃത മദ്യഷാപ്പുകളെ നിയന്ത്രിക്കാൻ സാധിക്കും. നികുതിനിയമം കാലോചിതമായി പരിഷ്കരിക്കാത്തതുമൂലം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം

പരിഹരിക്കാനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. 233-ആം വകുപ്പിനുള്ള ഭേദഗതിയിൽ (എ) (4)-ആം വകുപ്പിനുപകരം ചേർക്കപ്പെട്ട ഉപവകുപ്പിൽ "ഓരോ വർഷവും അഞ്ച് ശതമാനമെന്ന നിരക്കിൽ വർദ്ധനവ് വരുത്തി അപ്രകാരം അഞ്ച് വർഷക്കാലയളവ് പൂർത്തിയാക്കുമ്പോൾ ഇരുപത്തിയഞ്ച് ശതമാനം വരുന്ന വിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്" എന്നുള്ളതിൽ "ഇരുപത്തിയഞ്ച് ശതമാനം' എന്നതിനുപകരം 'ഇരുപത് ശതമാനം 'എന്നാക്കണം. വർദ്ധിപ്പിക്കുന്ന തുകയ്ക്ക് കുടിശ്ശികയുണ്ടായാൽ അത് ഗഡുക്കളായി അടയ്ക്കാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. നാല് സെന്റിന് താഴെയുള്ള വസ്തുവിൽ കെട്ടിടം നിർമ്മിക്കുന്നതിന് കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ഇളവ് വരുത്തുന്നതിനും ആയിരം സ്ക്വയർഫീറ്റിന് താഴെ വിസ്തീർണ്ണമുള്ള ടൈൽസ്, മൊസൈക്ക് പാകിയ കെട്ടിടങ്ങൾക്കും, മാലിന്യസംസ്കരണ സംവിധാനമേർപ്പെടുത്തിയ കെട്ടിടങ്ങൾക്കും നികുതി വർദ്ധനവിൽ ഇളവ് അനുവദിക്കണം. അന്യായമായി ടാക്സ് ഏർപ്പെടുത്തി ജനങ്ങളെ ചൂഷണംചെയ്യുന്നുവെന്ന ആക്ഷേപങ്ങൾ ഈ നിയമം പ്രാബല്യത്തിലാകുന്നതോടെ ഇല്ലാതാകും.

<u>ശ്രീ. സാജു പോൾ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

അൺഎയ്ഡഡ് സ്കൂളുകൾക്ക് നികുതി ഒഴിവാക്കാനുള്ള നടപടി പ്രതിഷേധാർഹമാണ്. നഗരസഭകൾക്ക് ലഭിക്കുന്ന നികുതി കൃത്യമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. ഫ്ളക്സുകളുടെ അതിപ്രസരം നിയന്ത്രിക്കണം. ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. ഭാവിയിലുണ്ടായേക്കാവുന്ന ഇലക്ട്രോണിക് വേസ്റ്റിന്റെ സംസ്കരണം സംബന്ധിച്ച് ചർച്ച ചെയ്യണം. തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന പ്രശ്നം പരിഹരിക്കാൻ നടപടിയുണ്ടാകണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>) : ആർ.എ.വൈ. പദ്ധതിപ്രകാരം 49872 വീടുകൾ സാംഗ്ഷൻ ചെയ്തതിൽ 30358 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 1140 കോടി രൂപയുടെ ജനറം പദ്ധതിയിൽ 526 കോടി രൂപ ചെലവഴിക്കുകയും മറ്റുള്ള പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. എറണാകുളം, കോഴിക്കോട്, കൊല്ലം എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 32 മുനിസിപ്പാലിറ്റികളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ബ്രഹ്മപുരം പ്ലാന്റ് സർക്കാർ ഏറ്റെടുക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നുമാത്രമല്ല, അവിടെ വരുന്ന പുതിയ പ്ലാന്റ് കോർപ്പറേഷന്റെ കീഴിൽത്തന്നെയാണ് പ്രവർത്തനമാരംഭിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക്

ആരംഭം കുറിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ക്യാപ് ഫിൽ ചെയ്ത് മണ്ണിട്ട് മൂടി താൽക്കാലികമായി സ്റ്റോർ ചെയ്യുന്നതിനും പ്ലാന്റ് പ്രവത്തനസജ്ജമാകുമ്പോൾ പ്രോസസ്സ് ചെയ്യാനും കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. കൊല്ലത്തും ഇത്തരം പ്ലാന്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എറണാകുളത്തെ കൊതുക് ശല്യം നിയന്ത്രിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അൺ-ആതറൈസ്ഡ് നമ്പറിൽ ഉള്ള 50000-ഓളം വീടുകളിൽനിന്നും ഭീമമായ പിഴ ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്. വീടുകൾക്ക് 25 ശതമാനം മുതൽ 60 വരെയും കമ്മേഴ്സ്യൽ സ്ഥാപനങ്ങൾക്ക് 25 മുതൽ 150 ശതമാനം വരെയുമാണ് കെട്ടിട നികുതി ഇനത്തിൽ വർദ്ധന വരുത്തിയിട്ടുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. 2009-ൽ വിട്ടുകളഞ്ഞ ആനുകൂല്യം സർക്കാർ അംഗീകരിച്ചിട്ടുള്ള വിദ്യാലയങ്ങൾക്ക് പുന:സ്ഥാപിക്കേണ്ടത് ന്യായവും ഉചിതവുമാണെന്ന് കണ്ടുകൊണ്ടാണ് 235(ബി എ) എന്ന ഉപഖണ്ഡം ചേർത്തിട്ടുള്ളത്. ഫ്ളക്സ് ബോർഡുകളുടെ അതിപ്രസരം നിരോധിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. ക്ലീൻ കേരള കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആവശ്യം കഴിഞ്ഞാലുടൻ ഫ്ളെക്സുകൾ മാറ്റാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകണം. മുപ്പത്തിരണ്ടോളം മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ

മാസ്റ്റർ പ്ലാനിൽ റീ-അറേഞ്ച്മെന്റ് നടത്താൻ ആവശ്യപ്പെടുന്നതാണ്. സംസ്ഥാനത്ത് സി.ടി.പി. വിജിലൻസ് നല്ല നിലയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

119, 120, 121, 123, 126, 127, 128, 129, 130, 131, 135, 143, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>മൂന്നാം വകുപ്പ്</u>

151, 152, 153, 154 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>നാലാം വകുപ്പ്</u>

160, 161, 162, 163, 164, 165, 168, 169, 170 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>അഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

(172) ഖണ്ഡം 5(1)-ൽ, " 33" എന്നതിനുപകരം " 39" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

110 എ, 117, 118 എന്നീ നമ്പർ ഭേദതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

(117) ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

" (1) ഈ ആക്റ്റിന് 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം. "

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

(110) പീഠികയിലെ " അറുപത്തിനാലാം " എന്ന വാക്കിനുപകരം" അറുപത്തി അഞ്ചാം" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി

അലി): 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണന്: വാർഷിക വസ്തു നികുതി തീരുമാനിക്കാനും ഇളവുകൾ നൽകാനുമുള്ള വിവേചനാധികാരം പുതിയ ബിൽ പാസ്സാക്കുകവഴി മുനിസിപ്പാലിറ്റികളിൽ നിന്നും മാറ്റി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനോടും അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കി വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്ന സമീപനത്തോടും യോജിക്കുന്നില്ല. അബ്കാരി ലൈസൻസ് നൽകാൻ സർക്കാരിൽ നിക്ഷിപ്തമായ അധികാരം മുനിസിപ്പാലിറ്റികൾക്ക് വിട്ടുകൊടുക്കുന്നത് അഴിമതിക്ക് കാരണമാകും. ബില്ലിനെ എതിർക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): നികുതി കൂട്ടാനും കുറയ്ക്കാനും പുതുതായി ചുമത്താനുമുള്ള അധികാരം ആർക്കും വിട്ടുകൊടുത്തിട്ടില്ല. ഇളവുകൾ കൊടുക്കാനുള്ള അധികാരം എടുത്തുകളയുകയാണ് ചെയ്തിട്ടുള്ളത്. അഞ്ച് വർഷം കഴിയുമ്പോൾ കെട്ടിട നികുതി 25 ശതമാനം കൂട്ടാമെന്ന അധികാരം ഇപ്പോൾ നൽകിയിരിക്കുകയാണ്. വിദ്യാഭ്യാസം സംസ്ഥാന സർക്കാരിന്റെ ചുമതലയായതിനാൽ സ്കൂളുകളെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

ശ്രീ. സി. ദിവാകരന്: അൺഎയ്ഡഡ് സ്കൂളുകളുടെ വലിയ കെട്ടിടങ്ങൾ

നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നത് മുനിസിപ്പാലിറ്റികളുടെ അധികാരത്തേയും വരുമാനത്തേയും ബാധിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: 2009-വരെയുണ്ടായിരുന്ന നിയമം പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 48 നെതിരെ 63 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) **2013-ലെ അബ്കാരി (ഭേദഗതി ) ബിൽ**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ( ശ്രീ കെ. ബാബു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ: I move that - "this House resolves to disapprove The Abkari (Amendment) Ordinance, 2013 (Ordinance No. 40 of

2013)". കേരളത്തിൽ മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. സംസ്ഥാനത്ത് മദ്യവില്പനക്കാരനും ഉപഭോക്താവും സർക്കാർ തന്നെയാണ്. മദ്യത്തിന് ടാക്സ് വർദ്ധിപ്പിക്കുമ്പോൾ കോടിക്കണക്കിന് രൂപ സംസ്ഥാന ഖജനാവിലേക്ക് എത്തിച്ചേരുന്നു. രാജ്യത്തുൽപ്പാദിപ്പിക്കപ്പെടുന്ന മദ്യത്തിന്റെ 16 ശതമാനം കേരളത്തിൽ ചെലവഴിക്കപ്പെടുന്നു. ചാരായ നിരോധനത്തിനുശേഷം വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചു. മദ്യനിരോധനം കേരളത്തിൽ പ്രായോഗികമല്ലെന്നും മദ്യവർജ്ജനമാണ് വേണ്ടതെന്നും ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. കേരളത്തിലെ കള്ള് വ്യവസായ മേഖല തകർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ബാറുകളുടെ എണ്ണം വർദ്ധിക്കുന്നു. കേരളത്തിൽ വിദേശമദ്യത്തിന്റെ ഉപയോഗം കൂടുതലാണ്. മദ്യത്തോടൊപ്പം മരുന്നും അധികമായി ഉപയോഗിക്കുന്നത് കേരള ജനതയാണ്. കേരളത്തിന്റെ മദ്യവ്യാപാര രംഗത്ത് വിദേശ മദ്യത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കാൻവേണ്ടി ബോധപൂർവ്വമുള്ള ശ്രമമാണ് നടക്കുന്നത്. 18 നും 25 നും ഇടയിൽ പ്രായമുള്ളവരാണ് അധികമായും ഡീ-അഡിക്ഷൻ സെന്ററുകളിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. പാവപ്പെട്ട ആളുകളെ സർക്കാർ മദ്യം കുടിക്കാൻ പ്രേരിപ്പിക്കുകയും അതിനെതിരെ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നത് വിരോധാഭാസമാണ്. മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം സംസ്ഥാനത്തിന്റെ മുഖ്യ വരുമാന സ്രോതസ്സാണ്. മദ്യ ഉപയോഗത്തിനുള്ള പ്രായപരിധി 18

വയസ്സിൽ നിന്നും 21 വയസ്സാക്കിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. മദ്യത്തിന്റെ നികുതി കൂട്ടുന്നതുകൊണ്ട് സർക്കാരിന്റെ വരുമാനം കൂടുമെങ്കിലും മദ്യപാനശീലം കുറയുകയില്ല. സിനിമാ രംഗങ്ങളിൽ മദ്യത്തിന്റെ ഉപയോഗത്തിനെതിരെ മുന്നറിയിപ്പ് പരസ്യം പ്രദർശിപ്പിക്കുന്നതുകൊണ്ടോ 21 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് മദ്യം കൊടുക്കില്ലെന്ന നിയമം വന്നതുകൊണ്ടോ മദ്യപാന ശീലം അവസാനിക്കില്ല. അഞ്ചാം ക്ലാസ് മുതലെങ്കിലും മദ്യപാനത്തിനെതിരെയുള്ള ബോധവത്കരണ പരിപാടി സിലബസിൽ ഉൾപ്പെടുത്തണം. മദ്യനിരോധനത്തിനുപകരം മദ്യവർജ്ജനമാണ് നടത്തേണ്ടത്. വിദേശ മദ്യത്തിനുപകരം ശുദ്ധമായ കള്ള് കൊടുക്കുന്നതിനുള്ള പ്രോജക്ട് കൊണ്ടുവരാൻ കഴിയണം. മദ്യപാനത്തിനെതിരെ ഗവൺമെന്റ് അതിശക്തമായി ഇടപെടുകയും ബോധവത്ക്കരണം നടത്തുകയും ചെയ്യണം. മദ്യപാനംമൂലം കേരളത്തിൽ ആത്മഹത്യകൾ വർദ്ധിക്കുന്നു. മദ്യത്തെ ഒരു വരുമാന സ്രോതസ്സായി കണക്കാക്കാതെ സാമൂഹിക വിപത്തായി കണ്ടുകൊണ്ട് ഇതിൽനിന്നും നാടിനെ മോചിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. സമഗ്രമായ അബ്കാരി നിയമവും മദ്യ നയവും കൊണ്ടുവരണം. മദ്യപാന ശീലത്തിൽനിന്നും ജനങ്ങളെ വിമുക്തരാക്കാൻ എക്സൈസ് ഡിപ്പാർട്ടുമെന്റിന് കഴിയുന്നില്ല. മദ്യ വിമുക്ത കേരളം സൃഷ്ടിക്കുന്നതിനുവേണ്ടി കൂട്ടായ പരിശ്രമം

ഉണ്ടാകണം. പിടിച്ചെടുക്കുന്ന മദ്യം എക്സൈസ്/പോലീസ് ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യാത്ത രീതിയിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം വേണം. ബോധവത്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കള്ളവാറ്റും കള്ളച്ചാരായവും അവസാനിപ്പിക്കുന്നതിനും അന്യ സംസ്ഥാനങ്ങളിൽനിന്നും മദ്യം കൊണ്ടുവരുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. മദ്യ ഉപഭോഗത്തിനോ ഉപയോഗത്തിനോ ഉള്ള പ്രായപരിധിയിൽ മാറ്റം വരുത്തിയതുകൊണ്ടോ ആഡംബര നികുതി വർദ്ധിപ്പിച്ചതുകൊണ്ടോ മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ സാധിക്കുകയില്ല. അറുപത്തിയേഴാം വകുപ്പിൽ പറഞ്ഞിരിക്കുന്നതുസരിച്ച് കമ്മീഷണർമാർക്ക് അധികാരം നൽകുന്നത് അഴിമതി വർദ്ധിപ്പിക്കുന്നതിന് ഇടവരുത്തും. മദ്യപാനംമൂലമുണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ച് ഹൃദയസ്പർശിയായ ഡോക്കുമെന്ററികൾ തയ്യാറാക്കി തിയേറ്ററുകൾവഴി പ്രദർശിപ്പിക്കണം. കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സണ്ണി ജോസഫ്</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സാമൂഹ്യപുരോഗതിയുടെ വിവിധ തലങ്ങളിൽ കേരളം മുന്നിലാണെങ്കിലും മദ്യപാനാസക്തി ഒരു സാമൂഹ്യപ്രശ്നമായി നിൽക്കുകയാണ്. കൗമാരപ്രായക്കാരുടെയും യുവജനങ്ങളുടെയുമിടയിൽ മദ്യപാനശീലം വളരുന്നത് ആശാസ്യമായ പ്രവണതയല്ല. മദ്യപാനശീലംമൂലം പഠനകാര്യങ്ങളിലെ പരാജയത്തോടൊപ്പം കുട്ടികൾ സമൂഹത്തിലും കുടുംബത്തിലും പ്രശ്നക്കാരായി മാറുന്നു. റോഡപകടങ്ങളും കുറ്റകൃത്യങ്ങളും പെരുകുന്നതിന്റെ കാരണം മദ്യപാനമാണ്. 21 വയസ്സിൽ താഴെയുള്ള ആളുകൾക്ക് മദ്യം കൊടുക്കാനും, ഉപയോഗിക്കാനും വിൽക്കാനും പാടില്ല എന്ന ഭേദഗതി ഭാവി തലമുറയെ ലക്ഷ്യം വച്ചുകൊണ്ടാണ്. സിനിമ പ്രദർശിപ്പിക്കുമ്പോൾ മദ്യപാനത്തിനെതിരായ മുന്നറിയിപ്പ് കൊടുക്കുകയെന്നുള്ളത് നിയമപരമായ ബാധ്യതയാണ്. മദ്യപാന സീനുകൾ ഒഴിവാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരണം.

ശ്രീ. ബാബു എം. പാലിശ്ശേരി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ അബ്കാരി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജനങ്ങൾക്കിടയിൽ ശക്തിപ്പെടുന്ന മദ്യാസക്തി ഇല്ലാതാക്കാനുള്ള ബോധവൽക്കരണ പരിപാടികൾ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഗവൺമെന്റിന് ടാക്സ്

കൊട്ടുത്ത് വിൽക്കുന്ന മദ്യത്തിന്റെ അളവ് കുറയുന്ന പ്രവണതയാണ് കണ്ടുവരുന്നത്. യാതൊരു നിയന്ത്രണവുമില്ലാതെ വ്യാജമദ്യം വിറ്റഴിക്കുന്ന സ്ഥിതിവിശേഷം സംസ്ഥാനത്ത് നിലവിലുണ്ട്. മദ്യക്കുപ്പികളിൽ ഒട്ടിക്കുന്ന ഹോളോഗ്രാം സ്റ്റിക്കറുകൾ നിർമ്മിക്കുന്നതിന് സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നത് അഴിമതിക്ക് കാരണമായിത്തീരും. മദ്യപാനത്തിനെതിരായി ബോധവൽക്കരണം നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. സിനിമകളിൽ മദ്യപിക്കുന്ന രംഗങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. അദ്ധ്യാപകരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ പോകുകയും അവിടെ അഴിമതി നടത്തുന്നതുമായാണ് അറിയുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ മദ്യം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള പ്രായപരിധിയും ഗ്യാലനേജ് ഫീസും വർദ്ധിപ്പിക്കാനും അഴിമതി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ ബാർ ഹോട്ടലുകൾക്കും ബീയര്/വൈൻ പാർലറുകൾക്കും ഓൺലൈൻ ലൈസൻസിംഗ് സമ്പ്രദായവും ഇ-പേമെന്റ് സംവിധാനവും

നടപ്പാക്കാനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ "അതിജീവനം" എന്ന കൈപ്പുസ്തകം അദ്ധ്യാപകർക്ക് നൽകുന്നതിനും അഞ്ച്, ഏഴ്, പതിനൊന്ന് ക്ലാസ്സുകളിലെ സാമൂഹ്യപാഠം പുസ്തകത്തിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്തി സിലബസ് പരിഷ്ക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സിനിമയിൽ മദ്യപാന രംഗങ്ങൾ ചിത്രീകരിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനും ബാർ ഹോട്ടലുകളുടെ ഉടമസ്ഥാവകാശത്തിൽ വരുത്തുന്ന മാറ്റം റെഗുലറൈസ് ചെയ്യുന്നതിനുള്ള ഫീസ് മൂന്നുലക്ഷം രൂപയായി വർദ്ധിപ്പിക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി മൂന്നരക്കോടി രൂപ അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കുടുംബശ്രീയുടെ സഹകരണത്തോടെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി വകുപ്പിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിക്കുകയും സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് രൂപം നൽകുകയും മാധ്യമങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 25,000 രൂപയിൽ കൂടുതൽ ശമ്പളം ഉള്ളവരെ ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഹോളോഗ്രാം

സെക്യൂരിറ്റി സ്റ്റിക്കറിന്റെ പേരിലുള്ള തട്ടിപ്പ് തടയുന്നതിന് എക്സൈസ് കമ്മീഷണറുടെ കയ്യൊപ്പോടുകൂടിയ സ്റ്റിക്കർ അച്ചടിക്കുന്നതിന് സി-ഡിറ്റിനെ ഏൽപ്പിക്കാൻ തീരുമാനിച്ചു. വിദേശ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനും കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. പതിനൊന്ന് മാസത്തിനിടെ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഒരു പുതിയ ബാർ ഹോട്ടലിന് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. വിവിധ സംഘടനകളുടെ ആവശ്യപ്രകാരം അടച്ചുപൂട്ടിയ ഷാപ്പുകളുടെ ലേലത്തിനായി നോട്ടിഫിക്കേഷൻ ആയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിലാളികൾക്ക് അമ്പത് ലക്ഷം രൂപയുടെ സഹായം നൽകിയിട്ടുണ്ട്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

120, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മൂന്നാം വകുപ്പ്

122, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

നാലാം വകുപ്പ്

124, 125, 127, 128, 132, 133 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

അഞ്ചാം വകുപ്പ്

135, 136, 137, 139, 140, 141, 145, 146, 147, 148, 153 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 139-ആം നമ്പർ ഭേദഗതി 47-നെതിരെ 59 വോട്ടുകളോടെ സഭ നിരാകരിച്ചു.

ആറാം വകുപ്പ്

155, 158, 159, 161, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഏഴാം വകുപ്പ്

163-ആം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

എട്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(164) In clause 8 (1) for the figure "32" within the bracket, the figure "40" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

(110) In the preamble, for the word "Sixty-fourth", the word "Sixty-fifth" shall be substituted.

(115) In clause 1 (1), for the figure "2013", the figure "2014" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി (ശ്രീ. കെ. ബാബു): മദ്യപാനം തടയുന്നതിന് ഗുണപരമായ മുന്നേറ്റം സൃഷ്ടിക്കുവാൻ ഈ നിയമം തുടക്കമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2013-ലെ അബ്കാരി (ഭേദഗതി) ബിൽ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി (ശ്രീ. എ.പി. അനിൽകുമാര്) : പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു.

*******************************